പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4268 | 24/10/2016 ൽ മറുപടി നല്കേണ്ടത്. |
|---|---|

## ആശുപത്രി മാലിന്യങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീമതി യു. പ്രതിഭ ഹരി** | | ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | കായംകുളം താലൂക്കാശുപത്രിയിലെ ആശുപത്രി മാലിന്യങ്ങൾ കുട്ടികളുടെ വാർഡിനു സമീപമുള്ള തുറസ്സായ സ്ഥലത്ത് കൂട്ടിയിട്ട് കത്തിക്കുന്നതുമൂലം രോഗികൾക്കും കൂട്ടിരുപ്പുകാർക്കും ബുദ്ധിമുട്ടുണ്ടാകുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | എങ്കിൽ മാലിന്യങ്ങൾ സുരക്ഷിതമായി നിർമ്മാർജ്ജനം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | ബി) | കായംകുളം താലൂക്കാശുപത്രിയിൽ ബയോ മെഡിക്കൽ വേസ്റ്റ്, 'ഇമേജ് ' എന്ന സ്ഥാപനം മുഖേനയാണ് നീക്കം ചെയ്യുന്നത്. ആഹാരഅവശിഷ്ടങ്ങളും മറ്റും കായംകുളം നഗരസഭയാണ് നീക്കം ചെയ്തു വരുന്നത്. പേപ്പർ വേസ്റ്റ് തുടങ്ങിയ മാലിന്യങ്ങൾ മാത്രമാണ് ഈ സ്ഥാപനത്തിൽ കത്തിച്ചിരുന്നത്.എന്നാൽ ഇതുമൂലം രോഗികൾക്ക് ബുദ്ധിമുട്ട് അനുഭവപ്പെട്ടതിനാൽ ഇപ്പോൾ കത്തിക്കുന്നില്ല. ടി മാലിന്യ പ്രശ്നം പരിഹരിക്കുന്നതിനായി മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് എടുത്ത് |

| | | | |
|---|---|---|---|
| | | | നൽകുന്നതിന് 07.10.2016 ൽ കൂടിയ ആശുപത്രി നിർവഹണസമിതി യോഗത്തിൽ കായംകുളം നഗരസഭയെ ചുമതലപ്പെടുത്തി. കൂടാതെ ഒരു മാലിന്യ സംസ്കരണ പ്ലാൻറ് സ്ഥാപിക്കുന്നതിന് ഒരു പ്രൊപ്പോസൽ തയ്യാറാക്കി നൽകുന്നതിന് കായംകുളം നഗരസഭ എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ